ധനകാര്യ ഇൻസ്പെക്ഷൻ 50 വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ

23 (*773) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഈ വിഭാഗത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിഭാഗത്തെ ശക്തിപ്പെടുത്തുമ്പോൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ രംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കേരളാ ട്രഷറി കോഡ് റൂൾ 132 വാല്യം I ഭാഗം IV പ്രകാരവും സർക്കാർ ഉത്തരവ് നമ്പർ (P) 723/64/PD തീയതി 19-10-1964 പ്രകാരവുമാണ് ധനകാര്യ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നത്. ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രതിമാസ അവലോകന യോഗങ്ങളും ആവശ്യമായ പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി) സർക്കാർ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹന ദുരുപയോഗം, സർക്കാർ ഉത്തരവുകളുടേയും ചട്ടങ്ങളുടേയും ലംഘനം, നടപടിക്രമങ്ങളിലെ അപാകതകൾ, നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി ശുപാർശ ചെയ്യുക, വിജിലൻസ് ഡയറക്ടർക്ക് സാങ്കേതിക ഉപദേശം നൽകുക ഇവയൊക്കെയാണ് ഇപ്പോഴത്തെ പ്രവർത്തനങ്ങൾ. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയും പി.ആർ.ഡി. മുഖേന ലഭിക്കുന്ന പത്ര വാർത്തകളിന്മേലും അന്വേഷണം/പരിശോധന നടത്തുന്നതും ഇതുകൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പണം വിനിയോഗിക്കുന്ന ഓഫീസുകളിൽ മുന്നറിയിപ്പില്ലാതെ പരിശോധന നടത്തുകയും പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്ത് ഭരണ വകുപ്പുവഴി നടപടി സ്വീകരിക്കുന്ന പ്രവർത്തനവുമാണ് ധനകാര്യ പരിശോധനാ വിഭാഗത്തിൽ നടക്കുന്നത്.

(സി) പൊതുജനങ്ങളിൽനിന്നും സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് നേരിട്ട് പരാതി സ്വീകരിക്കുന്നതിലും അതിവേഗം തീർപ്പു കൽപ്പിക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള വ്യവസായ വികസന മേഖലകൾ

24 (*774) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വ്യവസായകുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly